# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2265– 12/02/2020 - ലെ മറുപടിക്ക്

### പ്രളയദുരന്തം

**ചോദ്യം** **ഉത്തരം**

**ശ്രീ.പി. ഉണ്ണി** **ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2018-ലേയും 2019-ലേയും മഹാപ്രളയം മൂലം സംസ്ഥാനത്തിന് എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായി; വിശദമാക്കാമോ; | ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം 2018 ലെ പ്രളയത്തിൽ 26,718.90 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. കേന്ദ്ര മാനദണ്ഡമനുസരിച്ച് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടപ്രകാരം 2019 ലെ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും 2,101.90 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതായി വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ദുരന്തം അതിജീവിക്കുന്നതിനായി ഏതെല്ലാം രീതിയിലാണ് ധനശേഖരണം നടത്തിയത്; വിശദാംശം നൽകാമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയായുടെ ആദ്യ ഗഡുവായി 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) 4814.02 കോടി രൂപ (07/02/2020 വരെ) ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്. |
| (സി) | ദുരന്താതിജീവനത്തിന്റെ ഭാഗമായി | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ |

| | | |
|---|---|---|
| | ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ? | ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ RKI യുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിക്കുകയും, ഉന്നതാധികാര സമിതിയുടെ ശുപാർശയോടെ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം, ഇതു വരെ ആകെ 1850 കോടിയോളം രൂപയുടെ താഴെപറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നല്കി ഉത്തരവായിട്ടുണ്ട്.<br><br>1. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പ സാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)<br><br>2. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)<br><br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപ.<br><br>4. വനംവകുപ്പിന്റെ മൂന്നു പദ്ധതികൾക്കും മൂന്നു പഠനങ്ങൾക്കും വേണ്ടി ആകെ 130.40 കോടി രൂപ.<br><br>5. മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.<br><br>6. മൃഗസംരക്ഷണ വകുപ്പിന്റെ ആകെ 23.01 കോടി രൂപയുടെ രണ്ടു പദ്ധതികൾ.<br><br>7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ ആകെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ.<br><br>8. ജലവിഭവ വകുപ്പിന്റെ ആകെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ. |

| | | |
|---|---|---|
| | | 9. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ആകെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.<br><br>10. കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ.<br><br>11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി ആകെ 35 കോടി രൂപ.<br><br>12. കൃഷി വകുപ്പിന്റെ ആകെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.<br><br>13. മൽസ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd.(KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.<br><br>14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിയ്ക്ക് 4.24 കോടി രൂപ.<br><br>ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ, ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.<br><br>2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതു വരെ 2888.84 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് (ഇതിൽ 89.71 കോടി രൂപ SDRF ന്റെ വിഹിതമാണ്). കൂടാതെ, പ്രളയവുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി ആകെ 2062.45 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ